മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി. 20.2.2023

സർക്കുലർ

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിൽ ഗണ്യമായ പുരോഗതി കൈവരിക്കുന്നതിന് നമുക്ക് ഇക്കഴിഞ്ഞ നാലുമാസങ്ങൾ കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് ഫണ്ട് അനുവദിക്കുന്നതിനു കഴിഞ്ഞുവെന്നതും ഏറെ അഭിമാനകരമാണ്. സോഷ്യൽ ഓഡിറ്റ് ഫണ്ടായി ഇതിനകം നൽകിയ 8 കോടി രൂപയ്ക്ക് പുറമേ അടുത്ത ഗഡുവായി 5.97 കോടി രൂപ അനുവദിച്ചുകൊണ്ട് ഇക്കഴിഞ്ഞ ദിവസം ഉത്തരവായിട്ടുണ്ട് എന്നത് അറിഞ്ഞു കാണുമല്ലോ. 2023 ജനുവരി മാസത്തെ വേതനം ഭാഗികമായി മാത്രമേ വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുള്ളൂ. കുടിശ്ശികയുള്ള ജനുവരി മാസത്തെ വേതനവും ഇതിനകം സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള 2021-22 വർഷത്തെ കുടിശ്ശിക വേതനവും വിതരണവും ചെയ്യുന്നതിനാവശ്യമായ നടപടികൾ ഇതോടൊപ്പം പൂർത്തിയാക്കുന്നതാണ്.

കേരള ഗവൺമെന്റിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയതും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപിത നേട്ടങ്ങളിൽ ഒന്നുമാണ് നമ്മുടെ സംസ്ഥാനം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുകയെന്നത്. അതുകൊണ്ടുതന്നെ 2023 രണ്ടാംവാരത്തോടെ മുഴുവൻ ഗ്രാമപഞ്ചായത്ത് വാർഡുകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ പൂർത്തിയാക്കേണ്ടതുണ്ട്. ഏതെങ്കിലും ബ്ലോക്കിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയാത്തപക്ഷം ഇതിനകം സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയ ബ്ലോക്കുകളിലെയും ഗ്രാമപഞ്ചായത്തുകളിലേയും റിസോഴ്സ് പേഴ്സൺമാരെ (ബി.ആർ.പി.മാർ/ബി.ആർ.പി.ഇൻചാർജ്ജ്മാർ ഉൾപ്പെടെ) പ്രയോജനപ്പെടുത്തി ഇത്തരം പഞ്ചായത്തുകളിൽ മാർച്ച് 20-നകം സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിന് സഹായകമായ പ്രവർത്തന കലണ്ടർ ജില്ലാ റിസോഴ്സ്പേഴ്സൺമാരുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് അയയ്ക്കുകയും വേണം.

മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും സോഷ്യൽ ഓഡിറ്റ് 2023 മാർച്ച് രണ്ടാംവാരത്തിൽ സമയബന്ധിതമായിപൂർത്തിയാക്കുന്നതിന് ആവശ്യമായ ചിട്ടയായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുഴുവൻ റിസോഴ്സ് പേഴ്സൺമാരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി:

1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും/ബി.ആർ.പി.ഇൻചാർജ്ജ്മാർക്കും
3. എല്ലാ വി.ആർ.പിമാർക്കും (ബി.ആർ.പിമാർ മുഖേന).